സ്കീമിൽ അംഗത്വമെടുത്തിട്ടുള്ള അഭിഭാഷകർ മാത്രമേ സ്കീമിൽ അംഗങ്ങളായുള്ളൂ.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ സ്കീമിൽനിന്നും നൽകുന്ന പരമാവധി തുക ഒരു ലക്ഷം രൂപയാണ്. ഇത് വർദ്ധിപ്പിക്കാനുള്ള നടപടികൾ പരിഗണനയിലുണ്ട്.

104 (730) ലീഗൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള അഡ്ഹോക്ക് ടെസ്റ്റ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാർ കൗൺസിലിൽ നിശ്ചിത ഫീ അടച്ച് എൻറോൾ ചെയ്തിട്ടുള്ളവർ ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിതരായാൽ അവർക്ക് അഡ്ഹോക്ക് ടെസ്റ്റ് എഴുതേണ്ടതുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരെ ടെസ്റ്റിൽനിന്നും ഒഴിവാക്കിയത് ഏത് തീയതി മുതൽക്കാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഗവൺമെന്റ് ഓർഡറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) എത്ര കാലത്തെ ബാർ എക്സ്പീരിയൻസ് ഉള്ളവരെയാണ് ഇപ്രകാരം ഒഴിവാക്കിയിട്ടുള്ളത്;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട നിയമബിരുദധാരികൾ എൻറോൾ ചെയ്തിട്ടില്ലെങ്കിലും ലീഗൽ അസിസ്റ്റന്റായി നേരിട്ടു നിയമനം ലഭിച്ചാൽ അഡ്ഹോക്ക് ടെസ്റ്റ് എഴുതേണ്ടതുണ്ടോ?

ഉത്തരം

(എ) ബാർ കൗൺസിലിൽ എൻറോൾ ചെയ്തിട്ടുള്ള ലീഗൽ അസിസ്റ്റന്റുമാർക്ക്, എൻറോൾമെന്റിനു ശേഷം കുറഞ്ഞത് ഒരു വർഷം അഡ്വക്കേറ്റായി സ്റ്റാന്റിംഗ് ഇല്ലാത്തവർക്ക് സെക്ഷനാഫീസറുടെ തസ്തികയിൽ പ്രൊമോഷൻ ലഭിക്കുന്നതിനായി അഡ്ഹോക്ക് ടെസ്റ്റ് എഴുതേണ്ടതുണ്ട്.

(ബി) ബാർ കൗൺസിലിൽ എൻറോൾ ചെയ്തിട്ടുള്ളവരും കുറഞ്ഞത് ഒരു വർഷം അഡ്വക്കേറ്റായി സ്റ്റാന്റിംഗ് ഉള്ളവരെയും അഡ്ഹോക്ക് ടെസ്റ്റ് എഴുതുന്നതിൽനിന്നും ഒഴിവാക്കിയത് 5.1.1983 മുതൽക്കാണ്. ടി ഉത്തരവിന്റെ കോപ്പി ഇതോടൊപ്പം വച്ചിട്ടുണ്ട്.†

(സി) കുറഞ്ഞത് ഒരു വർഷം ബാർ എക്സ്പീരിയൻസ് ഉള്ളവരെയാണ് അഡ്ഹോക്ക് ടെസ്റ്റ് എഴുതുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളത്.

(ഡി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എൻറോൾ ചെയ്യാത്ത നിയമ ബിരുദധാരികൾക്ക് നിയമവകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരായി നേരിട്ട് നിയമനം നൽകിയിട്ടില്ലാത്തതും അപ്രകാരം നിയമനം നൽകിയാൽത്തന്നെയും അവർ അഡ്ഹോക്ക് ടെസ്റ്റ് എഴുതേണ്ടതുമാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly